# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 5 (HALF YEARLY 2023)

**1) യിസ്രായേലിലെ പുരോഹിത ഗോത്രത്തിന്റെ പേര്?**
**A) ലേവി**
B) ബെന്യാമീൻ
C) യാക്കോബ്
D) യെഹൂദാ

**2) മോശ എന്ന വാക്കിന്റെ അർത്ഥം?**
**A) വെള്ളത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടവൻ**
B) വെള്ളത്താൽ ജനിച്ചവൻ
C) യെഹൂദന്മാരുടെ രക്ഷകൻ
D) മിസ്രയീം സംഹാരകൻ

**3) പെസഹാ എന്ന വാക്കിന്റെ അർത്ഥം?**
**A) കടന്നു പോവുക**
B) കടന്നു വരിക
C) തിരികെ വരിക
D) ദൈവത്തിലേക്ക് വരിക

**4) 'ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്നു വിശേഷിപ്പിക്കുന്നത് ആരെയാണ്?**
**A) യേശുക്രിസ്തു**
B) ദാവീദ്
C) യോഹന്നാൻ സ്നാപകൻ
D) പൗലോസ് ശ്ലീഹ

**5) വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുന്നോടിയായി പഴയനിയമ വായനയ്ക്ക് മുമ്പ് പറയുന്ന 'നീതിമാന്മാരുടെ കൂടാരം' എന്തിനെ സൂചിപ്പിക്കുന്നു?**
**A) വിശുദ്ധ സഭയെ**
B) യഹൂദന്മാരെ
C) അപ്പോസ്തോലന്മാരെ
D) പരിശുദ്ധന്മാരെ

**6) മിസ്രയീം ദേശത്തിലെ അടിമത്തത്തിൽ നിന്ന് യിസ്രായേൽ ജനതയെ വിടുവിക്കുവാൻ ദൈവം തെരെഞ്ഞെടുത്ത വ്യക്തി ആര്?**
**A) മോശ**
B) അഹരോൻ
C) ഏലിയാവ്
D) യേശുക്രിസ്തു

**7) ഏത് ബാധ വന്നപ്പോഴാണ് ഫറവോൻ യിസ്രായേൽക്കാരെ വിട്ടയച്ചത്?**
**A) കടിഞ്ഞൂൽ സംഹാരം**

B) വെട്ടുക്കിളി
C) കഠിനമായ കൽമഴ
D) മൃഗങ്ങൾക്കു വ്യാധി

**8) 'ആഹായ് ' എന്ന വാക്കിന്റെ അർത്ഥം?**
**<u>A) എന്റെ സഹോദരരെ</u>**
B) കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ
C) കർത്താവിൽ പ്രിയരേ
D) എന്റെ വാത്സല്യമുള്ളവരെ

**9) ഇന്ത്യയിൽ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിച്ച ശിഷ്യൻ?**
**<u>A) വിശുദ്ധ തോമാശ്ലീഹാ</u>**
B) വിശുദ്ധ യോഹന്നാൻ ശ്ലീഹ
C) വിശുദ്ധ മർക്കോസ് ശ്ലീഹാ
D) വിശുദ്ധ അന്ത്രയോസ് ശ്ലീഹ

**10) കർത്താവിന്റെ മാമോദീസ ഓർക്കുന്ന മാറാനായ പെരുനാൾ?**
**<u>A) ദനഹാ</u>**
B) യെൽദോ
C) മായൽതോ
D) സൂബോറോ

**11) പരീശ പ്രമാണിയായിരുന്നു സഭയെ പീഡിപ്പിക്കുകയും പിന്നീട് സഭയുടെ ഏറ്റവും വലിയ സുവിശേഷപ്രവർത്തകനാകുകയും ചെയ്ത വ്യക്തി ആര്?**
**<u>A) പൗലോസ്</u>**
B) സ്തേഫാനോസ്
C) യൂദാസ്
D) മർക്കോസ്

**12) ശരിയായ വാക്ക് തെരെഞ്ഞെടുത്തു പൂരിപ്പിക്കുക:**
**നാം നുറുക്കുന്ന അപ്പം ................................ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ**
**<u>A) ക്രിസ്തുവിന്റെ</u>**
B) ശിഷ്യന്മാരുടെ
C) വിശ്വാസികളുടെ
D) മാനുഷിക

**13) സ്വർഗാരോഹണ പെരുന്നാളിന് ശേഷമുള്ള പത്ത് ദിവസത്തെ എന്താണ് വിശേഷിപ്പിക്കുന്നത് ?**
**<u>A) കാത്തിരിപ്പിന്റെ ദിവസങ്ങൾ</u>**
B) ധ്യാനത്തിന്റെ ദിവസങ്ങൾ
C) പ്രാർത്ഥനയുടെ ദിവസങ്ങൾ
D) വിജയത്തിന്റെ ദിവസങ്ങൾ

**14) തന്നിരിക്കുന്നവയിൽ എപ്പോഴും ഞായറാഴ്ച തന്നെ ആചരിക്കുന്ന പെരുന്നാളുകൾ?**
**<u>A) ഉയിർപ്പു പെരുനാൾ, പെന്തിക്കോസ്തി</u>**

B) സ്ലീബാ പെരുനാൾ, മറുരൂപ പെരുനാൾ
C) യെൽദൊ പെരുനാൾ, ദനഹാ പെരുനാൾ
D) സ്ലീബാ പെരുനാൾ, ദനഹാ പെരുനാൾ

**15) മാർത്തോമാ ശ്ലീഹായുടെ ഓർമ്മ ആചരിക്കുന്ന ദിവസം?**
**A) ഡിസംബർ 21**
B) ജൂലൈ 1
C) ഓഗസ്റ്റ് 15
D) സെപ്റ്റംബർ 8

**16) 'ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു ' എന്ന വാക്യത്തിന്റെ ശരിയായ വേദഭാഗം?**
**A) പുറപ്പാട് 15:26**
B) പുറപ്പാട് 14:20
C) പുറപ്പാട് 10:1
D) പുറപ്പാട് 15: 5

**17) 'മസ്സാ' എന്ന വാക്കിന്റെ അർത്ഥം?**
**A) പരീക്ഷ**
B) കലഹം
C) വിശ്വാസം
D) സ്നേഹം

**18) ശ്ലീഹ വായനയിൽ തെക്കുവശത്തു വായിക്കുന്നത് ഏതു പുതിയനിയമ ഭാഗത്തു നിന്നാണ് ?**
**A) പൗലോസിന്റെ ലേഖനങ്ങൾ**
B) അപ്പോസ്തോല പ്രവർത്തികൾ
C) സുവിശേഷങ്ങൾ
D) വെളിപാട് പുസ്തകം

**19) 'അപ്പോസ്തോലന്മാരുടെ പഠിപ്പിക്കലുകൾക്കു വിരുദ്ധമായി പഠിപ്പിക്കുന്നവർക്കു സഭയുടെ ശാപം കിട്ടും' എന്ന് പ്രതിപാദിക്കുന്ന ഗീതം ഏതാണ്?**
**A) പൗലോസ് ശ്ലീഹാ ....**
B) ഭൂവിലശേഷം ....
C) യജമാനൻ വരുമന്നേര ....
D) കർത്താവരുളി ചെയ്തു ഞാൻ...

**20) ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി സഭയ്ക്ക് ലഭിച്ചത് എവിടെവച്ചാണ് ?**
**A) അന്ത്യോഖ്യ**
B) റോം
C) ശമര്യ
D) ജെറുസലേം

**21) വാങ്ങിപ്പോയവരെ ഓർക്കുന്ന ഗീതം തെരഞ്ഞെടുക്കുക.**
**A) മക്കളിലപ്പൻ കൃപ ചെയ്‌വതു പോലെ ....**
B) വെളിവുനിറഞ്ഞോരീശോ ...

C) അന്പുടയോനെ നിൻ .....
D) നിൻ മാതാവു വിശുദ്ധന്മാർ

**22) കർത്താവിനെ കുരിശിച്ച സ്ലീബാ കണ്ടെടുത്തതിന്റെ ഓർമ്മ ആചരിക്കുന്ന ദിവസം?**
**A) സെപ്തംബർ 14**
B) ജൂലൈ 3
C) ഓഗസ്റ്റ് 6
D) ഡിസംബർ 25

**23) വിശുദ്ധ കുർബാനയിൽ 'ഭൂവിലശേഷം' എന്ന ഗീതം ഉപയോഗിക്കുന്നത് എപ്പോൾ?**
**A) ത്രൈശുദ്ധ കീർത്തനത്തിനുശേഷം**
B) ഏവൻഗേലിയോനു ശേഷം
C) കുർബാന അനുഭവത്തിനു ശേഷം
D) വടക്കു വശത്തെ വായനക്ക് ശേഷം

**24) അതിഥികൾ വീട്ടിൽ വരുമ്പോൾ പെരുമാറേണ്ട രീതി ഏതാണ്?**
**A) വിനയത്തോടും സ്നേഹത്തോടും കൂടി അവരോടു പെരുമാറുക**
B) അതിഥികളുടെ അടുത്ത് സമയം കളയാതിരിക്കുക
C) സമ്മാനങ്ങൾ ആവശ്യപ്പെടുക
D) സമയത്തെ പരിഗണിക്കാതെ പോലും അവരുമായി ഇടപെടുക

**25) ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം സ്വീകരിക്കുന്നവർക്കു ഭാഗ്യമുണ്ടാകും എന്ന് പറയുന്ന ഗാനം?**
**A) ഭൂവിലശേഷം ...**
B) പൗലോസ് ശ്ലീഹ ....
C) കർത്താവെ നിൻ രക്തശരീരങ്ങൾ ...
D) യജമാനൻ വരുമന്നേര ....

**26) പാലും തേനും ഒഴുകുന്ന ദേശം എന്ന് അറിയപ്പെടുന്ന സ്ഥലം?**
**A) കനാൻ**
B) യെഹൂദ്യ
C) ശമര്യ
D) മിസ്രയീം

**27) ഉത്തമനായ നേതാവിനുള്ള ഗുണം?**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) ജനം നടക്കേണ്ടുന്ന വഴി കാണിച്ചുകൊടുക്കുക
C) ജനത്തെ സ്നേഹിക്കുക
D) പരിജ്ഞാനവും വിവേകവും ഉണ്ടായിരിക്കുക

**28) 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്ന് പറഞ്ഞത് ആര്?**
**A) ദൈവം**
B) മോശ
C) ഫറവോൻ
D) അഹരോൻ

**29) 'ഞാൻ നിന്റെ വായോടു കൂടെ ഇരുന്ന്, നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ചു തരും' എന്ന് ആര് ആരോട് പറഞ്ഞു ?**
**A) ദൈവം മോശയോട്**
B) മോശ അഹറോനോട്
C) ദൈവം യിരെമ്യാ പ്രവാചകനോട്
D) യെശയ്യാ പ്രവാചകൻ ദാവീദിനോട്

**30) സഭയിലെ പെസഹാ ആചരണം സൂചിപ്പിക്കുന്നത് എന്ത്?**
**A) യേശുക്രിസ്തുവിൽ കൂടിയുള്ള വീണ്ടെടുപ്പ്**
B) യഹൂദന്മാരുടെ പെസഹായുടെ ഓർമ
C) യെരുശലേം ദേവാലയത്തിലെ ആചരണം
D) കടിഞ്ഞൂൽ സംഹാരത്തിന്റെ സ്മരണ

**31) ശ്ലീഹ വായനയിൽ വടക്കുവശത്തെ വായനയിൽ ഉൾപ്പെടാത്ത പുസ്തകം തെരഞ്ഞെടുക്കുക.**
**A) വിശുദ്ധ യോഹന്നാന്റെ സുവിശേഷം**
B) അപ്പോസ്തോല പ്രവർത്തികൾ
C) വിശുദ്ധ യാക്കോബിന്റെ ലേഖനം
D) വിശുദ്ധ പത്രോസിന്റെ ലേഖനം

**32) യേശുവിന്റെ വളർത്തു പിതാവായ യൗസേഫ് ജനിച്ച ഗോത്രം?**
**A) യെഹൂദാ**
B) രൂബേൻ
C) ബെന്യാമീൻ
D) നഫ്ത്താലി

**33) യെഹൂദാ ബാലൻ 'ന്യായപ്രമാണത്തിന്റെ പുത്രൻ' എന്ന പദവിയിലേക്ക് ഉയർത്തപ്പെടുന്ന പ്രായം?**
**A) 12 വയസ്സ്**
B) 10 വയസ്സ്
C) 16 വയസ്സ്
D) 8 വയസ്സ്

**34) ഗീവർഗീസ് സഹദാ വധിക്കപ്പെടുവാൻ കാരണം?**
**A) ക്രിസ്തീയ വിരുദ്ധമായ രാജകീയ വിളംബരത്തിനെതിരെ പ്രവർത്തിച്ചു**
B) ഉഗ്രവിഷമുള്ള സർപ്പത്തെ കൊന്നു
C) രാജകന്യകയെ രക്ഷപെടുത്തി
D) രാജ്യദ്രോഹകുറ്റം ചെയ്തു

**35) മിസ്രയീമിൽ നിന്ന് വിടുവിക്കപ്പെട്ട യിസ്രായേൽ ജനത്തിന് യഹോവയിൽ നിന്ന് ആദ്യം ലഭിച്ച സഹായം?**
**A) ചെങ്കടൽ കടന്നതു**
B) മാറായിൽ വെള്ളം ലഭിച്ചത്
C) ഭക്ഷണമായി മന്നാ ലഭിച്ചത്
D) കാടപ്പക്ഷിയെ ലഭിച്ചത്

**36) മോശക്ക് കനാൻ ദേശത്തിൽ കടക്കാൻ സാധിക്കാഞ്ഞതിന്റെ കാരണം?**
**A) ദൈവകല്പനയെ പൂർണമായി അനുസരിച്ചില്ല, പാറയെ അടിച്ചു**

B) ദൈവകല്പനയെ പൂർണമായി അനുസരിച്ചില്ല.പാറയോട് കല്പിച്ചു വെള്ളം വരുത്തി
C) യാത്ര ചെയ്ത വഴി തെറ്റായിരുന്നു
D) കനാൻ ദേശത്തു യിസ്രായേലിന്റെ നേതാവാകുവാൻ ആഗ്രഹിച്ചു

**37) ഗീതം പൂരിപ്പിക്കുക.**
**ലോകം .........................ജാതിയതും തറവാടും,**
**ആകെ ഉപേക്ഷിച്ചേശുവിനായ് മരണം**
**A) താതസഹോദരർ**
B) മുഴുവൻ
C) നിൻ സുവിശേഷത്തിൽ
D) മാതാപിതാക്കൾ

**38) കർത്തൃപ്രാർത്ഥനയുടെ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം**
**.................................. നിന്റെ .................... വരേണമേ**
**A) വാഴ്ത്തപ്പെടേണമേ, രാജ്യം**
B) വാഴ്ത്തപ്പെടേണമേ, ഇഷ്ടം
C) വരേണമേ, ഉദ്ദേശം
D) എന്നും ഉണ്ടാകണമേ, ഇഷ്ടം

**39) കർത്തൃപ്രാർത്ഥനയുടെ അവസാന ഭാഗം വിട്ടുപോയതു പൂരിപ്പിക്കുക.**
**എന്തുകൊണ്ടെന്നാൽ ...................ശക്തിയും .........................**
**എന്നേക്കും അവിടുത്തേതാകുന്നു**
**A) രാജ്യവും, മഹത്വവും**
B) സ്വർഗ്ഗവും, ഭൂമിയും
C) രാജ്യവും, അവകാശവും
D) സ്വർഗ്ഗവും, മഹത്വവും

**40) പൂരിപ്പിക്കുക.**
**പലതരമുപദേശങ്ങളഹോ**
**പാരിൽ മുളച്ചു പരക്കുന്നു**
**...........................................**
**തൊട്ടവസാനിപ്പിപ്പോൻ ധന്യൻ**
**A) ദൈവത്തിനുപദേശം**
B) വേറൊരുവൻ വന്നറിയിച്ചാൽ
C) വാനവനെങ്കിലുമാദൂതൻ
D) താനേൽക്കും സഭയിൻ ശാപം

**41) കർത്തൃപ്രാർത്ഥനയിൽ നാം ആരോടാണ് പ്രാർത്ഥിക്കുന്നത്?**
**A) സ്വർഗ്ഗസ്ഥനായ പിതാവിനോട്**
B) പരിശുദ്ധ ദൈവമാതാവിനോട്
C) യേശുക്രിസ്തുവിനോട്
D) പരിശുദ്ധാത്മാവിനോട്

**42) ശ്ലീഹ വായനയ്ക്ക് മുമ്പ് 'ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം' എന്ന് പറയുന്നതിന്റെ അർത്ഥം?**
**A) അപ്പോസ്തോലന്മാരുടെ പ്രവർത്തികൾ**
B) ശ്ലീഹന്മാർ യാത്ര ചെയ്ത സ്ഥല വിവരണം

C) അപ്പോസ്തോലന്മാരെക്കുറിച്ചു പറയുന്ന പുസ്തകം
D) അപ്പോസ്തോലന്മാർ സുവിശേഷം പ്രചരിപ്പിച്ച സ്ഥലങ്ങളെക്കുറിച്ചുള്ള വിവരണം

**43) താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക?**
**A) പെന്തിക്കോസ്തി ദിനത്തിൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ആവസിച്ചു**
B) പെന്തിക്കോസ്തി ദിനത്തിൽ മൂവായിരത്തോളം ആളുകൾ സഭയിൽ ചേർന്നു
C) യെഹൂദന്മാരുടെ ഇടയിലാണ് സഭ ആദ്യമായി പ്രചരിച്ചത്
D) മർക്കോസിന്റെ മാളികയിലാണ് പെന്തിക്കോസ്തിയിലെ അത്ഭുതം നടന്നത്

**44) മാതാപിതാക്കളെ കുർബാനയിലും നമസ്കാരങ്ങളിലും ഓർക്കണം എന്ന് പറയുന്ന ഗീതം ഏതാണ്?**
**A) ദൈവസുതൻമാരായിടുവാൻ ...**
B) ചാർത്തും നീതിയെ നിന്നാചാര്യന്മാരും ...
C) മക്കളിലപ്പൻ കൃപ ചെയ്‌വതു പോലെ ....
D) ലോകം താത സഹോദരർ ജാതിയതും ...

**45) മിസ്രയീമിൽ ദൈവം വരുത്തിയ ആദ്യത്തെ ബാധ?**
**A) നദിയിലെ വെള്ളം രക്തമായിത്തീർന്നു**
B) കൽമഴ
C) കടിഞ്ഞൂൽ സംഹാരം
D) പ്രദേശം മുഴുവൻ തവള

**46) താഴെ കൊടുത്തിരിക്കുന്ന മാറാനായ പെരുനാളുകളിൽ കൃത്യമായ തീയതിയിൽ നടത്താത്തത് ഏതാണ്?**
**A) സ്വർഗാരോഹണം**
B) യെൽദോ
C) സ്ലീബാ പെരുനാൾ
D) മായൽതോ

**47) ഫെബ്രുവരി രണ്ടാം തീയതി നടത്തുന്ന മാറാനായ പെരുനാൾ?**
**A) ദേവാലയ പ്രവേശനം**
B) കർത്താവിന്റെ മാമോദീസ
C) മറുരൂപ പെരുനാൾ
D) സ്ലീബാ പെരുനാൾ

**48) സഭയിൽ 25 ദിവസത്തെ നോമ്പിൻറെ പൂർത്തീകരണമായി നടത്തുന്ന പെരുനാൾ?**
**A) ജനനപെരുനാൾ**
B) ഉയിർപ്പുപെരുനാൾ
C) സ്വർഗ്ഗാരോഹണം
D) സ്ലീബാ പെരുനാൾ

**49) ഈ ആഴ്ച (ജൂൺ മാസം അവസാനത്തെ ആഴ്ച) ആചരിക്കുന്ന പെരുനാൾ?**
**A) പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ**
B) മാർത്തോമാ ശ്ലീഹായുടെ ഓർമ്മ
C) വചനിപ്പ് പെരുനാൾ
D) മറുരൂപപെരുനാൾ

**50) രാജകൊട്ടാരത്തിലെ സൗകര്യങ്ങൾ ഉപേക്ഷിച്ചു സ്വന്തം ജനങ്ങളുടെ കഷ്ടതയിൽ കൂടെ നിന്ന പഴയനിയമത്തിലെ വ്യക്തി?**

**A) മോശ**

B) യോശുവ

C) സ്തെഫാനോസ്

D) അഹരോൻ